**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1086** **30-06-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന് കീഴിലുള്ള പ്രവർത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവർത്തികൾ ഏതൊക്കെയാണെന്നും അതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ? | (എ) | കുണ്ടറ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിനു കീഴിൽ ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 40% സബ്സിഡിയോടു കൂടി ജനകീയ മത്സ്യകൃഷി പദ്ധതി, സുഭിക്ഷ കേരളം പദ്ധതി, PMMSY പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഉൾനാടൻ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി ശുദ്ധജല കുളങ്ങളിലെ ശാസ്ത്രീയ മത്സ്യകൃഷി (15 ഹെക്ടർ) ശുദ്ധജല കുളങ്ങളിലെ വിശാല മത്സ്യകൃഷി (20 ഹെക്ടർ), പൊതുകുളങ്ങളിലെ മത്സ്യകൃഷി (64 കുളങ്ങൾ - 2.908 ഹെക്ടർ), പടുതാ കുളങ്ങളിലെ മത്സ്യകൃഷി (40 യൂണിറ്റ്), ബയോഫ്ലോക്ക് മത്സ്യകൃഷി (27 യൂണിറ്റ്), റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (2 യൂണിറ്റ്), ശുദ്ധജല കൂട് കൃഷി (26 യൂണിറ്റ്), ഒരുജല കൂട് കൃഷി (60 യൂണിറ്റ്), കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ (4 യൂണിറ്റ്) എന്നിവ നടപ്പിലാക്കുന്നു. ഉൾനാടൻ ജലാശയങ്ങളുടെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി അഷ്ടമുടി കായൽ സംരക്ഷണ പദ്ധതിയും ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും അശാസ്ത്രീയ മത്സ്യബന്ധന രീതികൾ തടയുന്നതിനുമായി Kerala Inland Fisheries & Aquaculture Act, 2010 ഉം ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്നു. കൂടാതെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക സംരക്ഷണത്തിനായി സമ്പാദ്യ സമാശ്വാസ പദ്ധതിയും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി വനിതകളുടെ ഉന്നമനത്തിനായി സാഫ് മുഖേനയുള്ള പദ്ധതികളും ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>കുണ്ടറ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ നിലവിൽ നടപ്പിലാക്കി വരുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## I. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

കുണ്ടറ നിയോജക മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (കോടിയിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | **പെരിനാട് ആയുർവേദ ഹോസ്പിറ്റൽ പുതിയ കെട്ടിട നിർമ്മാണം** | 1.98 | **പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ** |
| 2 | **പേരയം പി.എച്ച്.സി. പുതിയ കെട്ടിടം** | 1.68 | **പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ** |
| 3 | **എം.വി.ജി.എൽ.പി.എസ്. പേരൂർ പുതിയ കെട്ടിടം** | 2.89 | **പദ്ധതി** 35% **പൂർത്തീകരിച്ചു** |
| 4 | **ജി.യു.പി.എസ്. എളമ്പല്ലൂർ പുതിയ കെട്ടിടം** | 1.86 | **പദ്ധതി** 75% **പൂർത്തീകരിച്ചു** |
| 5 | **ജി.എച്ച്.എസ്. കേരളപുരം പുതിയ കെട്ടിടം** | 2.10 | **പുതുക്കിയ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്.** |
| 6 | **ആലുംമൂട് മത്സ്യമാർക്കറ്റ്** | 1.48 | **കിഫ്ബിയും എൽ.എസ്.ജി.ഡി.യും തമ്മിൽ റവന്യൂ ഷെയറിംഗ് എഗ്രിമെന്റിൽ ഏർപ്പെടുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്.** |

## II. മത്സ്യഫെഡ്

സംസ്ഥാന സർക്കാരിന്റെ Hygienic Fresh Fish Retailing പദ്ധതിയിൽ ഉൾപ്പെടുത്തി കുണ്ടറ നിയോജക മണ്ഡലത്തിൽ കരിക്കോട് മത്സ്യഫെഡ് ഫിഷ് മാർട്ട് 25.11.2019 ൽ പ്രവർത്തനം ആരംഭിച്ചു. 2021 മാർച്ച് മുതൽ ടി ഫിഷ് മാർട്ട് കേരള തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്.

## III. സാഫ്

കുണ്ടറ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന് കീഴിൽ സാഫ് മുഖേന താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

### 1) അഷ്ടമുടി ഒന്നാം ഘട്ടം

ഫിഷറീസ് വകുപ്പ് സാഫ് വഴി അഷ്ടമുടി ഒന്നാം ഘട്ട പദ്ധതി പ്രകാരം 2016-ൽ അഷ്ടമുടി കായലിന്റെ സമീപത്ത് പാർക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് വേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങൾ (Development of Micro Enterprises Unit) ആരംഭിച്ചു. 2 മുതൽ 4 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന്

പരമാവധി 3 ലക്ഷം വരെ തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു. മുടക്കുമുതലിന്റെ 80% ഗ്രാന്റും 15% ബാങ്ക് ലോണും 5% ഗുണഭോക്തൃവിഹിതവുമാണ്. കുണ്ടറ മണ്ഡലത്തിന്റെ കീഴിൽ പേരയം, പെരിനാട്, കുണ്ടറ പഞ്ചായത്തുകളിലായി 22 സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്രൊവിഷൻ സ്റ്റോർ, ടെയിലറിംഗ് ആന്റ് ഗാർമെന്റ്സ് യൂണിറ്റ്, ഫിഷ് പ്രോസസിംഗ് യൂണിറ്റ്, കമ്പ്യൂട്ടർ സെന്റർ, ഫ്ലോർ മിൽ എന്നീ സംരംഭങ്ങൾ ഈ ഗ്രൂപ്പുകൾ മുഖേന ചെയ്തുവരുന്നു. പെരിനാട് ഗ്രാമപഞ്ചായത്തിൽ തീരമാവേലി കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ പ്രവർത്തിച്ചു വരുന്നു.

2) **<u>അഷ്ടമുടി രണ്ടാം ഘട്ടം</u>**

ഫിഷറീസ് വകുപ്പ് സാഫ് വഴി അഷ്ടമുടി രണ്ടാം ഘട്ട പദ്ധതി പ്രകാരം കുണ്ടറ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 ടെയ്ലറിംഗ് & ഗാർമെന്റ്സ് യൂണിറ്റുകളുടെ അപ്പാരൽ കൺസോർഷ്യം പ്രവർത്തിച്ചുവരുന്നു. കുണ്ടറ പഞ്ചായത്തിൽ കാഞ്ഞിരകോടിൽ ജില്ല മഹിള പവർലൂം ഇൻഡസ്ട്രിയൽ വർക്ക് ഷോപ്പ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് അപ്പാരൽ പാർക്ക് പ്രവർത്തിക്കുന്നത്.